

■ ലേഖനം

**ജമാൽ കടന്നപ്പള്ളി**

# തൗഹീദ് ശക്തമാക്കുക

**ഈമാനിന്റെ** മൗലികാടിത്തറയാണ് തൗഹീദ്. നബി(സ) അരുൾ ചെയ്യുന്നു: 'ഈമാൻ എഴുപതിൽ പരം ശാഖകളാണ്. ഏറ്റവും ഉയർന്നത് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന വാക്യമാണ്. ഏറ്റവും താഴ്ന്നത് വഴിയിൽനിന്ന് ഉപദ്രവം നീക്കലാണ്. ലജ്ജ ഈമാനിന്റെ ശാഖയാണ്' (ഇബ്നു മാജ). 'ഈമാൻ' ദൃഢവിശ്വാസമാണ്. അത് നിരന്തരം വളർത്തി സുദൃഢ ബോധ്യം -യഖീൻ- ആക്കി മാറ്റണമെന്ന് ഖുർആനും സുന്നത്തും പഠിപ്പിക്കുന്നു. ഇന്നത്തെ ഭൗതികാസുരത -തകാസുർ- യിൽനിന്ന് രക്ഷപ്പെടണമെങ്കിൽ 'ദൃഢ ബോധ്യമുള്ള ജ്ഞാനം' -അൽ ഇൽമുൽ യഖീൻ- തന്നെ വേണമെന്ന് ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു (അധ്യായം: 102). ദൃഢവിശ്വാസിയായ ഇബ്റാഹീമി(റ)നെപറ്റി അല്ലാഹു പറയുന്നത് കാണുക. ഇബ്റാഹീമിനു നാം ഇപ്രകാരം അകാശ ഭൂമികളുടെ ദൈവാധികാരം കാണിച്ചു കൊടുക്കുകയായിരുന്നു. അദ്ദേഹം ദൃഢ വിശ്വാസമുള്ളവരിൽ ഉൾപ്പെടുന്നതിനു വേണ്ടി' -വലിയകൂന മിനൽ മൂഖിനീൻ- (*അൽ അൻആം* 75) 'യഖീൻ' വിശ്വാസത്തിന്റെ ഉന്നതാവസ്ഥയെ കുറിക്കുന്നു. ഈമാൻ അഥവാ തൗഹീദ് യഖീനായിത്തീരണമെങ്കിൽ മനസാ, വാചാ, കർമണാ നാം അല്ലാഹുവിങ്കലേക്ക് അടുക്കാൻ ശ്രമിക്കണം. നിരന്തരമായി വിചിന്തനങ്ങളുടെ 'ജ്ഞാനമാർഗ'വും അഗാധമായ മനുഷ്യ സ്നേഹത്തിന്റെ 'കർമമാർഗ'വും ശീലിക്കണം. ദൈവത്തിങ്കലേക്ക് അടുക്കുന്തോറും സമസൃഷ്ടികളിലേക്കും അടുക്കുക എന്നത് ഇസ്ലാമിന്റെ സവിശേഷതയാണ്. അതുകൊണ്ടത്രെ മഹാനായ അന്ത്യപ്രവാചകനെ തന്റെ ആകാശയാത്രയിൽ -മിഅ്റാജ്- സ്വന്തം സന്നിധിയിലേക്ക് കൊണ്ടുവന്ന അല്ലാഹു വീണ്ടും ഭൂമിയിലേക്ക് തന്നെ തിരിച്ചയച്ചത്. (ഈ മടക്കയാത്രയിൽ മനുഷ്യർക്കായി അല്ലാഹു തന്നയച്ച സമ്മാനമാണ് അഞ്ചുനേരത്തെ നമസ്കാരമെന്നത് ഏറെ ചിന്തനീയമാണ്. അഥവാ, ദൈവത്തിലേക്ക് സദാ മനസ്സ് ചേർത്തുവെക്കാനും അടുക്കാനും ശ്രമിക്കുന്ന ഏതൊരു വിശ്വാസിയുടെയും ഒന്നാമത്തെ മാധ്യമമത്രെ നമസ്കാരം) നബി(സ)യുടെ ആകാശയാത്രയുടെ ഉദ്ദേശ്യം അദ്ദേഹത്തിന്റെ യഖീനായിരുന്നു.

■

**തൗഹീദിന്റെ പൂർണത അനന്തതയിലാണ്. അഥവാ, പൂർണത അല്ലാഹുവിന് മാത്രമുള്ള ഗുണമാണ്. ആ പൂർണത തേടിയുള്ള യാത്രയത്രെ മനുഷ്യജീവിതം. ഈ അനന്തമായ യാത്രയിൽ നമ്മുടെ ഈമാൻ യഖീനായി വളർന്നുകൊണ്ടേയിരിക്കും.**

■

എന്താണ് അല്ലാഹുവിന്റെ സ്ഥായിയായ ഭാവം? വിശുദ്ധ ഖുർആൻ പറയുന്നു: 'നിങ്ങളുടെ നാഥൻ കാരുണ്യം തന്റെ സ്ഥായിയായ സ്വഭാവമായി സ്വീകരിച്ചിരിക്കുന്നു' (അൽ അൻആം: 54). 'കതബ റബ്ബുക്കും അലാ നഫ്സിഹിർറഹ്മഃ എന്നാണ് ഇത് സംബന്ധിച്ച ഖുർആനിക ഭാഷ്യം. സ്നേഹം, കാരുണ്യം, ദയ, അനുഗ്രഹം തുടങ്ങിയ ആശയങ്ങളെല്ലാം ഉൾക്കൊള്ളുന്ന പദമാണ് 'റഹ്മത്ത്.' ഈ ഗുണങ്ങളുടെ സാക്ഷാൽ വിളനിലമായതുകൊണ്ടാണ് അല്ലാഹു 'റഹ്മാനും റഹീമു'മായത്. നബി(സ) അരുൾ ചെയ്യുന്നു: 'അല്ലാഹുവിന് നൂറു 'റഹ്മത്തു'ണ്ട്. അതിൽപെട്ട ഒരു 'റഹ്മത്ത്'കൊണ്ടാണ് സൃഷ്ടികൾ പരസ്പരം കരുണകാട്ടുന്നത്. ബാക്കി തൊണ്ണൂറ്റൊമ്പത് 'റഹ്മത്ത്' അല്ലാഹു തന്റെ ദാസ

ന്മാർക്കായി അന്ത്യനാളിലേക്ക് മാറ്റിവെച്ചിരിക്കുകയാണ്' (ബുഖാരി, മുസ്‌ലിം). നബി(സ) വീണ്ടും പറയുന്നു: 'ആളുകളോട് കരുണ കാണിക്കാത്തവരോട് അല്ലാഹുവും കരുണകാണിക്കയില്ല.' അപ്പോൾ മനുഷ്യനെ ഒരേസമയം അല്ലാഹുവിലേക്കും സമസൃഷ്ടികളിലേക്കും അടുപ്പിക്കുന്ന പാലമാണ് റഹ്‌മത്ത് എന്ന് വരുന്നു. ഇതിന്റെ ഏറ്റവും പ്രകാശമാനമായ രൂപമാണ് പ്രസിദ്ധമായ ഒരു നബിവചനത്തിൽ തെളിയുന്നത്: 'അന്ത്യദിനത്തിൽ അല്ലാഹു പറയും: മനുഷ്യപുത്രാ ഞാൻ രോഗിയായിക്കിടന്നപ്പോൾ നീ എന്നെ സന്ദർശിച്ചോ? മനുഷ്യൻ ചോദിക്കും: നാഥാ, ജഗന്നിയന്താവായ നിന്നെ ഞാൻ എങ്ങനെയാണ് രോഗസന്ദർശനം നടത്തുക? അല്ലാഹു പറയും: എന്റെ ഒരു ദാസൻ രോഗിയായി കിടപ്പിലായത് നീ അറിഞ്ഞിരുന്നില്ലേ? എന്നിട്ട് നീ അവനെ സന്ദർശിച്ചോ? അവനെ സന്ദർശിച്ചിരുന്നെങ്കിൽ എന്നെ നിനക്ക് അവിടെ കണ്ടെത്താമെന്ന് അറിഞ്ഞുകൂടേ? അല്ലാഹു പറയും: മനുഷ്യ പുത്രാ ഞാൻ നിനക്ക് അന്നം നൽകി. എന്നാൽ നീ എന്നെ ഊട്ടിയോ? മനുഷ്യൻ ചോദിക്കും: പ്രപഞ്ചങ്ങളായ പ്രപഞ്ചങ്ങളുടെയൊക്കെ നാഥനായ നിന്നെ ഞാൻ എങ്ങനെയാണ് ഊട്ടുക? അല്ലാഹു പറയും: എന്റെ ഒരു ദാസൻ നിന്നോട് ആഹാരം ചോദിച്ചില്ലേ? എന്നിട്ട് നീ അവന് അന്നം നൽകിയോ? നിനക്കറിഞ്ഞുകൂടേ നീ അവന് അന്നം നൽകിയിരുന്നെങ്കിൽ എന്നെ അവിടെ കണ്ടെത്താമെന്ന്. അല്ലാഹു പറയും: മനുഷ്യപുത്രാ ഞാൻ ദാഹജലം ചോദിച്ചപ്പോൾ നീ എനിക്ക് തണ്ണീർ നൽകിയോ? മനുഷ്യൻ ചോദിക്കും: വിശ്വനാഥനായ നിനക്ക് ഞാൻ ദാഹജലം നൽകുകയോ? അപ്പോൾ അല്ലാഹു പറയും: എന്റെ ഒരു ദാസൻ ദാഹിച്ചു വലഞ്ഞപ്പോൾ നീ അവന് പാനജലം നൽകിയോ? എങ്കിൽ അവന്റെ ചാരത്ത് എന്നെ നിനക്ക് കണ്ടെത്താൻ കഴിയുമെന്ന് അറിയില്ലേ? (ബുഖാരി). തീർച്ചയായും അല്ലാഹുവിനെ യഥാവിധി അറിഞ്ഞാൽ മാത്രമേ ഇത്രയും വിശാലമായ കാരുണ്യം -ഹൃദയവിശാലത- നമുക്ക് കൈവരികയുള്ളൂ. 'അല്ലാഹുവെ അറിയുക' എന്നത് നിസ്സാരകാര്യമല്ല. അത് അനന്തമായ പ്രകാശവഴിയാണ്. അതിരറ്റ ഭക്തിയും അനുസരണവും പ്രാർഥനയും ദിക്റുകളും ദാനധർമങ്ങളുമെല്ലാം ഉൾച്ചേർന്ന നന്മയുടെ കേദാരം. ചിന്തയും ജ്ഞാനവും ജിഹാദും ജീവത്യാഗവും മനുഷ്യസ്നേഹവും തുടിക്കുന്ന കർമകാണ്ഡം. തീർച്ചയായും ഈ വഴിയിലൂടെ സഞ്ചരിച്ചാൽ മാത്രമേ തൗഹീദ് സംതൃപ്തവും സംശുദ്ധവും സുദൃഢവും സമ്പൂർണവുമാവുകയുള്ളൂ. അഥവാ ഈമാൻ യഖീനായി മാറുകയുള്ളൂ. തൗഹീദിന്റെ പൂർണത എപ്പോഴാണെന്നു ചോദിക്കാം. അതിന്റെ പൂർണത അനന്തതയിലാണെന്നാണ് മറുപടി. അഥവാ, പൂർണത അല്ലാഹുവിന് മാത്രമുള്ള ഗുണമാണ്. ആ പൂർണത തേടിയുള്ള യാത്രയത്രെ മനുഷ്യജീവിതം. ഈ അനന്തമായ യാത്രയിൽ നമ്മുടെ ഈമാൻ യഖീനായി വളർന്നുകൊണ്ടേയിരിക്കും. പലപടികളുള്ള ആ വളർച്ചയുടെ ഉന്നതഘട്ടം പ്രാപിച്ചവരത്രെ മഹത്തുക്കളായ പ്രവാചകന്മാർ. ദൈവിക ദൃഷ്ടാന്തങ്ങളെ പറ്റിയുള്ള അറിവിനാൽ അവരുടെ മനസ്സ് ദൃഢബോധ്യം നേടുകയും ശാന്തിയടയുകയും ചെയ്തു. ആ മനസ്സുകളിൽനിന്ന് ആർദ്രമായ മനുഷ്യസ്നേഹം പൊട്ടിയൊഴുകി. അവർക്കു താഴെ അവരുടെ ശിഷ്യഗണങ്ങൾ. നാമും അതേ പാതയിലാണ്-അൽഹംദുലില്ലാഹ്. പക്ഷേ, നാം വഴിമധ്യേ കുഴഞ്ഞുവീണു മരിക്കും. നമുക്കെന്നല്ല; മൊത്തത്തിലുള്ള മനുഷ്യരുടെ വിധിയാണിത്. അനന്തമായ ഈ യാത്രയിൽ എത്ര ദൂരം ബാക്കി എന്ന ചോദ്യത്തിന് പ്രസക്തിയേയില്ല.

## തൗഹീദ് സ്വയം ലക്ഷ്യമോ?

ലക്ഷത്തിലേറെ പ്രവാചകന്മാരെ അല്ലാഹു ഭൂമിയിലേക്കയച്ചത് മനുഷ്യനെ തൗഹീദ് പഠിപ്പിക്കാനാണെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ തൗഹീദ് സ്വയം ലക്ഷ്യമല്ല. പ്രത്യുത മറ്റൊരു ലക്ഷ്യം നേടാനുള്ള ഉപകരണമത്രെ. എന്താണ് ആ അടിസ്ഥാന ലക്ഷ്യം? മനുഷ്യന്റെ സമഗ്രമായ സംസ്കരണം. അഥവാ മനുഷ്യ സമുദായത്തിന്റെ സംസ്കരണത്തിനും സമുദ്ധാരണത്തിനും വേണ്ടിയായിരുന്നു തൗഹീദ് എന്ന ഒറ്റമൂലിയുമായി ദൈവം കാലാകാലങ്ങളിൽ ദൂതന്മാരെ അയച്ചുകൊണ്ടിരുന്നത്. വേദഗ്രന്ഥങ്ങൾ സംസ്കരണത്തിനുള്ള മാസ്റ്റർ പ്ലാനുകളായിരുന്നു. സ്വർഗ-നരകങ്ങൾ വിജയ-പരാജയങ്ങൾക്കുള്ള സമ്മാനങ്ങളും. അന്ത്യപ്രവാചകനെ വിശുദ്ധ ഖുർആൻ പരിചയപ്പെടുത്തുന്നത് കാണുക: 'നിരക്ഷരന്മാർക്കിടയിൽ അവരിൽനിന്നുതന്നെ ഒരു ദൈവദൂതനെ നിയോഗിച്ചത് അവനാകുന്നു. അദ്ദേഹം അവർക്ക് അവന്റെ സൂക്തങ്ങൾ ഓതിക്കൊടുക്കുന്നു. അവരുടെ ജീവിതം സംസ്കരിക്കുന്നു. അവർക്ക് കിതാബും ഹിക്മത്തും പഠിപ്പിച്ചുകൊടുക്കുന്നു. അവർ ഇതിനുമുമ്പ് തികഞ്ഞ ദുർമാർഗത്തിലായിരുന്നുവല്ലോ' (*ജുമുഅ* 2). ഇതേ പ്രവാചകനു വേണ്ടി പ്രപിതാവ് ഇബ്റാഹീം നബി(അ) പ്രാർഥിച്ചതും ഇതോട് ചേർത്തുവെക്കുക: 'ഞങ്ങളുടെ നാഥാ, അവർക്ക് നിന്റെ ആയത്തുകൾ ഓതിക്കൊടുക്കുകയും കിതാബും ഹിക്മത്തും പഠിപ്പിച്ചുകൊടുക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ നീ അവരിൽനിന്നുതന്നെ നിയോഗിക്കേണമേ. നീ അസീസും ഹകീമുമല്ലോ' (*അൽബഖറ* 129). സമഗ്രവും സമ്പൂർണവുമായ ഈ സംസ്കരണ പ്രക്രിയയുടെ കേന്ദ്രബിന്ദു മനുഷ്യന്റെ ആത്മാവത്രെ. അല്ലാഹു പറഞ്ഞു: 'അതിനെ (ആത്മാവിനെ) സംസ്കരിച്ചവൻ വിജയിച്ചു. അതിനെ മലിനപ്പെടുത്തിയവൻ പരാജയപ്പെട്ടു' (*അശ്ശംസ്* 9-10). അപ്പോൾ പ്രവാചക നിയോഗത്തിന്റെ അന്തിമലക്ഷ്യം ആത്മസംസ്കരണമാണെന്നുവരുന്നു. എല്ലാ സംസ്കരണങ്ങളുടെയും നാരായവേര് ആത്മസംസ്കരണത്തിലാണല്ലോ. അത്തരം വ്യക്തികളടങ്ങിയ സമൂഹവും രാഷ്ട്രവും ലോകവും ഇസ്‌ലാം ലക്ഷ്യമിടുന്നു. നബി(സ) അരുൾ ചെയ്യുന്നു: 'ശരീരത്തിൽ ഒരു മാംസപിണ്ഡമുണ്ട്. അത് നന്നായാൽ ശരീരം മുഴുവൻ നന്നായി. അത് ദുഷിച്ചാൽ ശരീരം മുഴുവൻ ദുഷിക്കുകയും ചെയ്തു. അതാണ് മനസ്സ്' (ബുഖാരി, മുസ്‌ലിം). എന്നാൽ ഇവിടെ മനസ്സിലാക്കേണ്ട ഒരു സുപ്രധാന കാര്യമുണ്ട്. മനുഷ്യന്റെ ഹൃദയ-മസ്തിഷ്കങ്ങളും ആത്മാവും ശരീരവുമൊക്കെ സംസ്കരിക്കപ്പെടുന്നത് തൗഹീദ് കൊണ്ടു തന്നെയായിരിക്കണം. തൗഹീദ് കൊണ്ടുള്ളതല്ലാത്ത മറ്റൊരു സംസ്കരണരീതിയും അല്ലാഹു സ്വീകരിക്കുന്നതല്ല. അവ കൊണ്ടൊന്നും മനുഷ്യമനസ്സിന്റെയോ സമൂഹത്തിന്റെയോ രാഷ്ട്രത്തിന്റെയോ സംസ്കരണം സാധ്യമല്ല. 'നിശ്ചയം അല്ലാഹുവിങ്കൽ സ്വീകാര്യമായ ദീൻ -ജീവിതവ്യവസ്ഥ- ഇസ്‌ലാം മാത്രമാണ്' എന്ന് വിശുദ്ധഖുർആൻ ഖണ്ഡിതമായി പറഞ്ഞതിന്റെ പൊരുളും മറ്റൊന്നല്ല.

നമുക്കുചുറ്റും വിശ്വാസികളല്ലാത്ത ധാരാളം ആളുകൾ സംസ്കരണമുള്ളവരായി കാണപ്പെടുന്നുണ്ട്. എന്നാൽ പ്രത്യക്ഷത്തിൽ കാണുന്ന ആ മൂടുപടം നീക്കിയാൽ അവർ യഥാർഥത്തിൽ സംസ്കരിക്കപ്പെട്ടവരല്ലായെന്ന് കാണാം. കാരണം ശിർക്കും കുഫ്റും (ബഹുദൈവത്വം, ദൈവനിഷേധം) ഒരു മനുഷ്യന്റെ ശരീരത്തെയല്ല, ആത്മാവിനെയാണ് ബാധിക്കുന്നത്. അതുകൊണ്ടാണ് മുശ്‌രിക്കുകളെ നജസ്-മലിനം- എന്ന് ഖുർആൻ വിളിച്ചത്. അഥവാ, ആത്മാവിന് ശിർക്ക് എന്ന മാരകരോഗം ബാധിച്ചവരാണ് ബഹുദൈവാരാധകർ. അതുകൊണ്ടുതന്നെ അവർക്കൊരിക്കലും ആത്മവിശുദ്ധി സാധ്യമല്ല. അക്കൂട്ടർ സംസ്കരിക്കപ്പെ

ടുക എന്ന പ്രശ്നവും ഉദ്ഭവിക്കുന്നില്ല. (ആത്മവിശുദ്ധിയും ആത്മ നിയന്ത്രണവും രണ്ടാണെന്നുകൂടി മനസ്സിലാക്കുക. അതായത് ഒരു ബഹുദൈവവിശ്വാസി മദ്യം, വ്യഭിചാരം പോലുള്ള വൻപാപങ്ങൾ ചെയ്യാതിരിക്കുന്നത് ആത്മ നിയന്ത്രണം മൂലമാണ്. ആത്മ വിശുദ്ധികൊണ്ടല്ല). അങ്ങനെ ചിന്തിക്കുമ്പോൾ ഒരു മുശ്‌രിക്കോ കാഫിറോ സൽകർമങ്ങൾ ചെയ്യുന്നില്ലാ എന്നും മനസ്സിലാവും. കാരണം അയാൾ തന്റെ ശിർക്കെന്ന മാരക രോഗത്തിനെതിരെ ദൈവം നൽകിയ സാക്ഷാൽ ചികിത്സ -തൗഹീദ്- ചെയ്യുന്നില്ല. ഒപ്പം യഥാർഥ ദൈവത്തിന്റെ തൃപ്തിയും കാംക്ഷിക്കുന്നില്ല. അതുകൊണ്ടുതന്നെ അയാൾ ചെയ്യുന്നത് പ്രത്യക്ഷത്തിൽ എന്തുമാത്രം 'സംസ്കരണ'മോ 'സൽകർമ'മോ ആണെങ്കിലും അതിന് ദൈവത്തിന്റെയടുത്ത് സ്വീകാര്യതയോ പ്രതിഫലമോ ലഭിക്കുകയില്ല. എന്നല്ല, ദൈവം കാട്ടിയ ഋജുപാത സ്വീകരിക്കാതെ തന്നിഷ്ടമനുസരിച്ച് ജീവിച്ചതിന് അയാൾ മരണാനന്തരം ശിക്ഷിക്കപ്പെടുകയും ചെയ്യും. ഖുർആൻ പറയുന്നത് കാണുക: 'പ്രവാചകരേ, അവരോടു പറയുക: സ്വകർമങ്ങൾ ഏറ്റവുമധികം നിഷ്പ്രയോജനമായിത്തീരുന്ന ജനം ആരെന്ന് ഞാൻ നിങ്ങളെ അറിയിച്ചു തരട്ടെയോ? ഐഹിക ജീവിതത്തിൽ തങ്ങളുടെ അധ്വാന പരിശ്രമങ്ങൾ (സന്മാർഗത്തിൽനിന്ന്) വ്യതിചലിച്ചവരും അതേ സമയം തങ്ങൾ ചെയ്യുന്നതൊക്കെയും ശരിയെന്നു കരുതുന്നവരുമത്രെ അവർ. തങ്ങളുടെ റബ്ബിന്റെ സൂക്തങ്ങൾ അംഗീകരിക്കാൻ വിസമ്മതിച്ചവർ. അവന്റെ മുമ്പിൽ ഹാജരാക്കപ്പെടുമെന്ന് വിശ്വസിച്ചിട്ടില്ലാത്ത ജനവുമാകുന്നു അവർ. അതിനാൽ അവരുടെ കർമങ്ങളൊക്കെയും പാഴായിപ്പോയി. പുനരുത്ഥാന നാളിൽ നാം അവയ്ക്ക് യാതൊരു തൂക്കവും കൽപിക്കുന്നതല്ല. അവർ അവലംബിച്ച സത്യനിഷേധത്തിനു പകരമായും എന്റെ സൂക്തങ്ങളോടും എന്റെ ദൂതന്മാരോടും കൈകൊണ്ട പരിഹാസത്തിന്റെ പരിണതിയായും അവർക്കുള്ള പ്രതിഫലം നരകമാകുന്നു. എന്നാൽ, സത്യവിശ്വാസം കൈക്കൊള്ളുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തവരോ, അവർക്ക് ആതിഥ്യം നൽകാൻ ഫിർദൗസിലെ ഉദ്യാനങ്ങൾ ഉണ്ടായിരിക്കും. അവരതിൽ നിത്യവാസികളാകും. അവിടെനിന്ന് എങ്ങോട്ടെങ്കിലും മാറിപ്പോകാൻ അവർ അശേഷം കാംക്ഷിക്കുന്നതല്ല (*അൽ കഹ്ഫ്* 103-108).

ഇബാദത്ത് സ്വയം ലക്ഷ്യമല്ലെന്ന് ഇസ്‌ലാമിന്റെ അനുഷ്ഠാന കർമങ്ങളെപ്പറ്റി പറയുമ്പോഴും ഖുർആൻ വ്യക്തമാക്കുന്നുണ്ട്. 'നമസ്കാരം മ്ലേഛതകളിൽനിന്നും ദുഷ്ചെയ്തികളിൽനിന്നും തടയുന്നു' (*അൽ അൻകബൂത്ത്* 45). 'നബീ, അവരെ ശുദ്ധീകരിക്കുകയും വിശുദ്ധിയുടെ മാർഗത്തിൽ വളർത്തിക്കൊണ്ടുവരുകയും ചെയ്യുന്ന ദാനം അവരുടെ ധനങ്ങളിൽനിന്ന് വസൂൽ ചെയ്യുക' (*അത്തൗബ* 103). 'ഓ, വിശ്വാസികളേ, നിങ്ങൾക്ക് മുമ്പുള്ളവർക്ക് വ്രതാനുഷ്ഠാനം നിർബന്ധമാക്കിയതുപോലെ നിങ്ങൾക്കും നിർബന്ധമാക്കിയിരിക്കുന്നു. നിങ്ങൾ തഖ്‌വയുള്ളവരാകേണ്ടതിന്' (അൽ ബഖറ: 183). 'ഹജ്ജിന്റെ മാസങ്ങൾ സർവരാലും അറിയപ്പെട്ടതാകുന്നു. ഈ നിശ്ചിത മാസങ്ങളിൽ ഹജ്ജു ചെയ്യാൻ തീരുമാനിച്ചവർ ഹജ്ജു വേളയിൽ സ്ത്രീ സംസർഗവും പാപവൃത്തികളും തർക്കകോലാഹലങ്ങളും തികച്ചും വർജിക്കുക. നിങ്ങൾ എന്തു നന്മ ചെയ്താലും അതെല്ലാം അല്ലാഹു അറിയുന്നുണ്ട്. ഹജ്ജു യാത്രക്കുള്ള പാഥേയങ്ങൾ വഹിച്ചുകൊള്ളുക. എന്നാൽ തഖ്‌വയാണ് ഉത്തമമായ പാഥേയം. ബുദ്ധിയുള്ളവരേ, എന്നോട് തഖ്‌വ കാണിക്കുവിൻ' (*അൽ ബഖറ* 197). ■